**അ**ല്ലാഹുവിന് വേണ്ടി മനുഷ്യർ നിർവ്വഹിക്കുന്നതിന്നായ് കൽപ്പിക്കപ്പെട്ട മഹത്തായ ആരാധനകളിലൊന്നാണ് ഉംറ. ഇത് അല്ലാഹുവിനെ ആരാധിക്കുന്നതിനായി ഭൂമിയിൽ സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ മന്ദിരമെന്ന് ഖുർആൻ വിശേഷിപ്പിച്ച കഅബയുടെ പരിസരവുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ടതാണ്. ഇതിന് ഹജ്ജ് കർമ്മത്തെപ്പോലെ കാലവും സമയവുമായി ബന്ധമൊന്നുമില്ല. ഏത് കാലത്തും എപ്പോൾ വേണമെങ്കിലും നിർവ്വഹിക്കാവുന്നതാണ്.

അല്ലാഹു പറയുന്നു. നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറയും നിർവ്വഹിക്കുക. (സൂറ. ബഖറ 196) എന്നാൽ കഴിയുമെങ്കിൽ കൂടുതൽ നിർവ്വഹിക്കൽ സുന്നത്താണ്. നബി(സ) പറയുന്നു. ഒരു ഉംറ ചെയ്തു പിന്നീട് ഒന്നുകൂടി നിർവ്വഹിച്ചാൽ അത് അവക്കിടയിലുള്ള പാപങ്ങൾക്ക് പരിഹാരമാണ് (ഹദീസ്).

## ഉംറയുടെ റുക്നുകൾ

ഇഹ്റാം, ത്വവാഫ്, സഅ്യ് എന്നിവയാണ് ഉംറയുടെ റുക്നുകൾ. ഇവയിൽ ഏതെങ്കിലും ഒന്ന് നഷ്ടപ്പെട്ടുപോയാൽ ഉംറ നിഷ്ഫലമായിത്തീരുന്നതാണ്.

## ഉംറയുടെ വാജിബാത്തുകൾ

ഹജ്ജും ഉംറയും നിർവ്വഹിക്കുന്നവർക്ക് ഇഹ്റാമിൽ പ്രവേശിക്കുന്നതിന് വേണ്ടി നിർണ്ണയിക്കപ്പെട്ട മീഖാത്തിൽ വെച്ച് ഇഹ്റാമിൽ പ്രവേശിക്കൽ, മുടി കളയൽ/വെട്ടൽ എന്നിവയാണ് ഉംറയുടെ വാജിബാത്തുകൾ ഇവയിലൊന്ന് നഷ്ടപ്പെട്ടാൽ മൃഗബലി നടത്തേണ്ടതാണ്.

## ഇഹ്റാം

ഹജ്ജിന്റെയും ഉംറയുടെയും കർമ്മങ്ങളിൽ പ്രവേശിക്കുന്നതിന് ഇഹ്റാം എന്ന് പറയുന്നു. ഇഹ്റാമിന്ന് മുമ്പായി നഖം മുറിക്കുക, കക്ഷം ഗുഹ്യഭാഗം എന്നിവിടങ്ങളിലെ രോമം നീക്കുക. മീശ വെട്ടുക എന്നിവ ചെയ്തിരിക്കൽ ഉത്തമമാണ്. ഇവയെല്ലാം വീട്ടിൽ നിന്നും ഇറങ്ങുന്നതിന് മുമ്പ് നിർവ്വഹിക്കലാണ് സൗകര്യം. ഇഹ്റാമിന്നായി കുളിക്കൽ സുന്നത്താണ്.

പുരുഷന്മാർ നിശ്ചയിക്കപ്പെട്ട സ്ഥലത്ത് വെച്ച് ഇഹ്റാമിന്റെ വസ്ത്രം ധരിക്കേണ്ടതാണ്. വസ്ത്രത്തിൽ ആകാത്ത രൂപത്തിൽ സുഗന്ധം ഉപയോഗിക്കൽ സുന്നത്താണ്.

നാട്ടിൽ നിന്നും പോകുമ്പോൾ നമ്മുടെ മീഖാത്തായ സൈലുൽ കബീർ എത്തുന്നത് ജിദ്ദ എയർപോർട്ടിൽ എത്തുന്നതിന്റെ ഏകദേശം 30 മിനുട്ട് മുമ്പാണ്. അവിടെ വെച്ചാണ്

لَبَّيْكَ اللَّهُمَّ عُمْرَةً (ലബൈക്കഅല്ലാഹുമ്മ ഉംറത്തൻ)

എന്ന് പറയേണ്ടത്. ഇതോടെ ഉംറയിൽ പ്രവേശിച്ചുകഴിഞ്ഞു. പുരുഷന്മാർ ഒരു തുണിയും മേൽമുണ്ടും മാത്രവും സ്ത്രീകൾ മുഖവും മുൻകൈയ്യും ഒഴിച്ച് ശരീരം മുഴുവനും മറയുന്ന വസ്ത്രം ധരിച്ചുമാണ് ഇഹ്റാമിൽ പ്രവേശിക്കേണ്ടത്. ശേഷം തൽബിയത്ത് ചൊല്ലി തുടങ്ങുക.

## തൽബിയത്തിന്റെ രൂപം

لَبَّيْكَ اللَّهُمَّ لَبَّيْكَ لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ
إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكُ لاَشَرِيكَ لَكَ

**(ലബൈക്കല്ലാഹുമ്മ ലബ്ബയ്ക്ക് ലബ്ബയ്ക്കലാശരീകലകലബ്ബയ്ക്ക് ഇന്നല് ഹംദ വന്നിഅ്മത ലക്കവൽ മുൽക് ലാ ശരീകലക് )**
**(അല്ലാഹുവേ നിന്റെ വിളിക്കിതാ ഞാൻ ഉത്തരം ചെയ്തിരിക്കുന്നു. യാതൊരു പങ്കുകാരനുമില്ലാതെ നിന്റെ വിളിക്കിതാ ഞാനുത്തരം ചെയ്തു വന്നെത്തിയിരിക്കുന്നു. സ്തുതിയും അനുഗ്രഹവും നിനക്ക്, രാജാധികാരവും നിനക്ക് തന്നെ നിനക്കാരും പങ്കാരായില്ല)**

ഇഹ്റാമിൽ പ്രവേശിച്ചത് മുതൽ മസ്ജിദുൽ ഹറമിലെത്തുന്നത് വരെ ഇത് ചൊല്ലിക്കൊണ്ടിരിക്കണം.

## ത്വവാഫ്

മസ്ജിദുൽ ഹറമിൽ മറ്റുപള്ളികളിൽ പ്രവേശിക്കുന്നത് പോലെ വലതു കാൽവെച്ച് താഴെ പറയുന്ന പ്രാർത്ഥനചൊല്ലിക്കൊണ്ടായിരിക്കണം പ്രവേശിക്കേണ്ടത്.

بِسْمِ اللَّهِ وَالصَّلاَةُ وَالسَّلاَمُ عَلَى رَسُولِ اللَّهِ
اَللَّهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ

**(അല്ലാഹുവിന്റെ നാമത്തിൽ അല്ലാഹുവിന്റെ ദൂതരിൽ രക്ഷയും സമാധാനവും ഉണ്ടാകട്ടെ. അല്ലാഹുവേ നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്ക് നീ തുറന്ന് തരേണമേ)**

പിന്നീട് നേരെ ഹജറുൽ അസ്വദിന്റെ അടുത്തേക്ക് എത്തുക. അവിടം മുതൽക്കാണ് ത്വവാഫ് ആരംഭിക്കേണ്ടത്. സാധിക്കുമെങ്കിൽ എല്ലാ ചുറ്റലിലും അതിനെ ചുംബിക്കുക അല്ലെങ്കിൽ തൊട്ടു മുത്തുകയോ വലതുകൈ ഉയർത്തി ആംഗ്യം കാണിക്കുകയോ ചെയ്യുക. തുടർന്ന് അല്ലാഹു അക്ബർ എന്ന് എല്ലാ ചുറ്റലിലും പറയുക.(അല്ലാഹു ഏറ്റവും വലിയവനാണ്)

പിന്നീട് കഅബയെ തന്റെ ഇടതുവശത്താക്കി ത്വവാഫ് ആരംഭിക്കുക. ത്വവാഫിൽ പുരുഷന്മാർ മുണ്ടിന്റെ മദ്ധ്യഭാഗം വലതു കക്ഷത്തിലൂടെയെടുത്ത് രണ്ടറ്റം ഇടതു ചുമലിൽ കെട്ടിവെക്കുകയും ആദ്യത്തെ മൂന്ന് ചുറ്റലിൽ ധൃതിയിൽ നടക്കുകയും വേണം. (മുണ്ട് മേൽപറഞ്ഞ ക്രമത്തിൽ ധരിക്കുന്നതിന് ഇൾത്വിബാഅ് എന്നും, ധൃതിയിലുള്ള നടത്തത്തിന് റമൽ എന്നുമാണ് പറയുക. ഇത് രണ്ടും സ്ത്രീകൾക്ക് വേണ്ടതില്ല). ഹജറുൽ അസ്വദ് മുതൽ തുടങ്ങി വീണ്ടും ഹജറുൽ അസ്വദ് വരെ എത്തിയാൽ ഒരു ത്വവാഫായി. ഇങ്ങനെ ഏഴ് തവണ ത്വവാഫ് ചെയ്യണം. ഹജറുൽ അസ്വദിന് തൊട്ടുമുമ്പുള്ള മൂലക്ക് റുക്നുൽയമാനി എന്ന് പറയും ഇവിടെ എത്തിയാൽ കഴിയുമെങ്കിൽ കൈകൊണ്ട് തൊടുകമാത്രം ചെയ്യുക.

ഈ മൂലയിൽ ചുംബിക്കുകയോ തൊട്ട്മുത്തുകയോ ആംഗ്യം കാണിക്കുകയോ എന്തെങ്കിലും ചൊല്ലുകയോ ചെയ്യേണ്ടതില്ല. റുക്നുൽയമാനി മുതൽ ഹജറുൽ അസ്വദ് എത്തുന്നത് വരെ

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً
وَقِنَا عَذَابَ النَّار

**(ഞങ്ങളുടെ നാഥാ ഇഹത്തിലും പരത്തിലും നീ ഞങ്ങൾക്ക് നന്മ നൽകുകയും നരക ശിക്ഷയിൽ നിന്നും ഞങ്ങളെ കാത്ത് രക്ഷിക്കുകയും ചെയ്യേണമേ)**

എന്ന് പ്രാർത്ഥിക്കുക. മറ്റു സമയങ്ങളിൽ ഏത് പ്രാർത്ഥനകളും ദിക്റുകളും ആകാവുന്നതാണ്. പ്രത്യേകിച്ച് ഒന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. ത്വവാഫ് പൂർത്തിയാക്കി കഴിഞ്ഞാൽ തന്റെ മുണ്ട് കക്ഷത്തിൽ നിന്ന് മാറ്റി തല മറയാത്ത വിധം പുതുക്കുക.

(ത്വവാഫ് ചെയ്യുമ്പോൾ കഅബയുടെ വടക്ക് ഭാഗത്തുള്ള അർദ്ധവൃത്താകൃതിയിലുള്ള ഭാഗമായ ഹിജ്റിന്റെ പുറത്തു കൂടിയായിരിക്കണം ത്വവാഫ് ചെയ്യേണ്ടത് കാരണം അതു കഅ്ബയിൽ ഉൾപ്പെട്ട ഭാഗമാണ്. ത്വവാഫിന്നിടയിൽ എത്ര തവണ നിർവ്വഹിച്ചു എന്ന എണ്ണത്തിൽ സംശയമുണ്ടായാൽ ഉറപ്പുള്ളതായ എണ്ണത്തെ അവലംബിച്ച് ബാക്കി എണ്ണമാണ് പൂർത്തിയാക്കേണ്ടത്. ത്വവാഫ് ചെയ്യുമ്പോൾ വുദു ഉണ്ടായിരിക്കണമെന്നതും അറിഞ്ഞിരിക്കേണ്ടതാണ്. ത്വവാഫിന്നിടയിൽ വുദു നഷ്ടപ്പെട്ടാൽ വീണ്ടും വുദുവുണ്ടാക്കി ആദ്യ എണ്ണത്തെ പരിഗണിച്ച് ബാക്കി പൂർത്തിയാക്കാവുന്നതാണ്. ശേഷം മഖാമ് ഇബ്രാഹീമിന്റെ പിന്നിൽ നിന്ന് കഅബക്ക് നേരെ തിരിഞ്ഞ് രണ്ട് റക്അത്ത് നമസ്കരിക്കണം. ആദ്യ റക്അത്തിൽ ഫാതിഹക്ക് ശേഷം സൂറുത്തുൽ കാഫിറൂനും (കുൽയാ അയ്യുഹൽ കാഫിറൂൻ) രണ്ടാം റക്അത്തിൽ സൂറുത്തുൽ ഇഖ്ലാസും (ഖുൽഹുവള്ളാഹു അഹദ്)ആയിരിക്കണം ഓതേണ്ടത്. പിന്നെ സംസം കുടിച്ച ശേഷം സഅ്യ് നിർവ്വഹിക്കുക

## സഅ്യ്

സ്വഫയിൽ നിന്നായിരിക്കണം തുടങ്ങേണ്ടത്. സ്വഫയോടടുത്തെത്തുമ്പോൾ

إِنَّ الصَّفَا وَالْمَرْوَةَ مِنْ شَعَائِرِ اللَّهِ فَمَنْ حَجَّ
الْبَيْتَ أَوِ اعْتَمَرَ فَلاَ جُنَاحَ عَلَيْهِ أَن يَطَّوَّفَ بِهِمَا
وَمَنْ تَطَوَّعَ خَيْرًا فَإِنَّ اللَّهَ شَاكِرٌ عَلِيمٌ

തീർച്ചയായും സഫായും മർവയും മതചിഹ്നങ്ങളായി അല്ലാഹു നിശ്ചയിച്ചതിൽപ്പെട്ടതാകുന്നു. കഅ്ബ മന്ദിരത്തിൽ ചെന്ന് ഹജ്ജോ ഉംറയോ നിർവ്വഹിക്കുന്ന ഏതൊരാളും അവയിലൂടെ പ്രദക്ഷിണം നടത്തുന്നതിൽ കുറ്റമൊന്നുമില്ല. ആരെങ്കിലും സൽകർമ്മം സ്വയം സന്ന

ദ്ധനായി ചെയ്യുകയാണെങ്കിൽ തീർച്ചയായും അല്ലാഹു കൃതജ്ഞനും സർവ്വജ്ഞനുമാകുന്നു. (ബഖറ 158) എന്ന ആയത്ത് ഓതി സ്വഫയിൽ കയറി കഅബക്ക് നേരെ തിരിഞ്ഞ് കൈകളുയർത്തി ഇനി പറയുന്നത് പ്രാർത്ഥിക്കുക.

لَاإِلَهَ إِلاَّ اللَّهُ وَاللَّهُ اَكْبَرْ لَاإِلَهَ إِلاَّ اللَّهُ وَحْـدَهُ
لاَ شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْــدُ يُحْيِي
وَيُمِيتُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرْ لَاإِلَهَ إِلاَّ اللَّهُ
وَحْــدَهُ أَنْـجَزَ وَعْدَهُ وَنَصَرَ عَبْدَهُ وَهَــزَمَ
الْأَحْزَابَ وَحْدَهُ

അല്ലാഹുവല്ലാതെ ഒരാരാധ്യനില്ല. അല്ലാഹു ഏറ്റവും ഉന്നതനാണ്. അല്ലാഹുവല്ലാതെ ആരാധ്യനില്ല അവന് പങ്കുകാരനില്ല രാജാധിപത്യം അവനുള്ളതാണ്. സ്തുതിയും അവനുതന്നെ. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ ഏകനാണ് അവൻ വാഗ്ദത്തം പൂർത്തിയാക്കി തന്റെ ദാസനെസഹായിച്ചു. ശത്രുസേനകളെ അവനൊറ്റക്ക് പരാജയപ്പെടുത്തി.

ഇത് മൂന്ന് പ്രാവശ്യം ആവർത്തിക്കുക. പിന്നീട് തനിക്കാവശ്യമുള്ള ഇഹപരമായ ഏത് ആവശ്യങ്ങളും തനിക്ക് അറിയുന്ന ഭാഷയിൽ പ്രാർത്ഥിക്കാവുന്നതാണ്. പിന്നീട് മർവ്വയിലേക്ക് നടക്കുക. പച്ചനിറം കൊണ്ട് അടയാളമിട്ട സ്ഥലത്ത് പുരുഷന്മാർ വളരെ വേഗത്തിൽ നടക്കണം (സ്ത്രീകൾക്കിത് ബാധകമല്ല)മർവ്വയിലെത്തിയാൽ സ്വഫയിലേത് പോലെ കൈകൾ ഉയർത്തി പ്രാർത്ഥിക്കുക. മർവ്വയിലെത്തിയാൽ ഒന്ന് തിരിച്ചുള്ള നടത്തം രണ്ട് എന്നിങ്ങനെ ഏഴ് നടത്തം പൂർത്തിയാക്കുക.

നടത്തത്തിലും പ്രാർത്ഥനകളും ദിക്റുകളും അധികരിപ്പിക്കേണ്ടതാണ്. ത്വവാഫിൽ പറഞ്ഞ പോലെതന്നെ പ്രത്യേക പ്രാർത്ഥനകൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ല. നമുക്ക് ഇഷ്ടമുള്ളത് പ്രാർത്ഥിക്കാനായി നീക്കിവെക്കപ്പെട്ടതായ ഇത്തരം അവസരങ്ങളിൽ വല്ലവരും അവരുടെ ഇഷ്ടത്തിന് അറബിയിൽ എഴുതിയുണ്ടാക്കിയത് മനപ്പാഠമാക്കിയോ അല്ലാതെയോ ഉരുവിടാതെ നമുക്ക് നമ്മുടെ ആവശ്യങ്ങളും സങ്കടങ്ങളും അല്ലാഹുവിന്റെ മുന്നിൽ ബോധിപ്പിക്കാൻ കൈവന്ന അവസരം നഷ്ടപ്പെടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സഅ്യ് ഏഴ് വട്ടം പൂർത്തിയായാൽ പിന്നെ മുടികളയുകയോ അല്ലെങ്കിൽ വെട്ടുകയോ ചെയ്ത് ഇഹ്റാമിൽ നിന്ന് ഒഴിവാകാവുന്നതാണ്. പുരുഷന്മാർ മുടികളയലാണ് ഉത്തമം. വെട്ടുകയാണെങ്കിൽ തലയുടെ മുഴുവൻ ഭാഗത്ത് നിന്നും മുടി വെട്ടേണ്ടതാണ്. അതല്ലാതെ രണ്ടോ മൂന്നോ മുടിയുടെ അറ്റം മാത്രം വെട്ടുന്ന രീതി പ്രമാണങ്ങൾക്ക് വിരുദ്ധമാണ്. സ്ത്രീകൾ വിരൽതുമ്പ് നീളത്തിൽ മുടിയുടെ അറ്റം വെട്ടിയാൽ മതി. ഇതോട് കൂടി ഉംറയുടെ കർമ്മങ്ങൾ പൂർത്തിയായി.

## മദീനാ സന്ദർശനം

മദീനാ സന്ദർശനം ഹജ്ജിന്റെയോ ഉംറയുടെയോ ഭാഗമല്ല എന്ന കാര്യമാണ് ഒന്നാമതായി അറിഞ്ഞിരിക്കേണ്ട വിഷയം. മദീന പള്ളിയിൽ (മസ്ജിദുന്നബവിയിൽ) വെച്ചുള്ള നമസ്കാരം മസ്ജിദുൽ ഹറമല്ലാത്ത മറ്റ് പള്ളികളിൽ വെച്ചുള്ള നമസ്കാരത്തേക്കാൾ 1000 ഇരട്ടി പ്രതിഫലാർഹമാണ്. പ്രസ്തുത പുണ്യമാഗ്രഹിച്ചു മദീനയിൽ പോകാവുന്നതാണ്. മദീനയിലെത്തുന്ന പുരുഷന്മാർക്ക് നബി(സ)യുടെയും, അബൂബക്കർ(റ), ഉമർ(റ) എന്നിവരുടെയും ഖബറുകൾ സന്ദർശിക്കലും അവർക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാകട്ടെ എന്ന് സലാം പറയലുംസുന്നത്താണ്.

നബിയുടെ വീടിന്റെയും (ഇപ്പോൾ ഖബർ സ്ഥിതി ചെയ്യുന്ന സ്ഥലം) മിമ്പറിന്റെയും ഇടയിലുള്ള സ്ഥലത്തെ റൗള എന്നാണ് നബി(സ) വിശേഷിപ്പിച്ചിട്ടുള്ളത് (ഖബറിനല്ല റൗള എന്ന് പറയുന്നത്). എന്റെ വീടിന്റെയും മിമ്പറിന്റെയും ഇടയിലുള്ള സ്ഥലം സ്വർഗ്ഗത്തോപ്പുകളിലെ ഒരു തോപ്പാണ്. (ബുഖാരി) കഴിയുമെങ്കിൽ തഹിയ്യത്ത് നമസ്കാരം പോലുള്ളത് അവിടെ വെച്ച് നമസ്കരിക്കുന്നത് പുണ്യകരമാണ്. എന്നാൽ ഫർള് നമസ്കാരങ്ങൾക്ക് ഒന്നാമത്തെ സ്വഫ്ഫ് തന്നെയാണ് ഉത്തമം.

അതുപോലെ നബി(സ) മദീനയിലെത്തി ആദ്യമായി നിർമ്മിച്ച പള്ളിയായ മസ്ജിദ് ഖുബാഇൽ വെച്ചുള്ള നമസ്കാരത്തിന് ഉംറയുടെ പ്രതിഫലമാണുള്ളത്. അതിനായി താമസ സ്ഥലത്ത് വെച്ച് വുളു എടുത്ത് പുറപ്പെടണം. മദീനയിൽ നിന്നു തിരിച്ച് മക്കയിലേക്ക് പോകുമ്പോൾ അതിന്റെ ഇടക്ക് അബിയാർ അലി(ദുൽഖുലൈഫ) എന്ന മീഖാത്തിൽ എത്തികഴിഞ്ഞാൽ അവിടെയുള്ള പള്ളിയിൽ കയറി രണ്ട് റകഅത്ത് നമസ്കരിച്ചതിന് ശേഷം നേരത്തെ പറഞ്ഞ രൂപത്തിൽ ഇഹ്റാമിൽ പ്രവേശിക്കുന്നതിനായി **ലബൈക്കഅല്ലാഹുമ്മ ഉംറത്തൻ** എന്നുപറയേണ്ടതാണ്.

## ഇഹ്റാമിൽ പ്രവേശിച്ച് കഴിഞ്ഞാൽ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ

മുടി നീക്കുക, നഖം മുറിക്കുക, പുരുഷന്മാർ തലയും സ്ത്രീകൾ മുഖവും മറക്കുക, സുഗന്ധമുള്ളവ ഉപയോഗിക്കുക. തുന്നിയ വസ്ത്രം ധരിക്കുക, അധർമ്മവും കുറ്റകൃത്യവും ചെയ്യുക, വേട്ടയാടുക, വിവാഹ ആലോചനകൾ നടത്തുക, ലൈംഗിക ബന്ധത്തിൽ ഏർപ്പെടുക.

## ഹറമിൽ ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങൾ

ഹറം പ്രദേശത്തിലെ മരമോ ചെടിയോ പറിക്കൽ, സുഹൃത്തുക്കളോട് കയർക്കുക, വീണുകിട്ടിയ വസ്തുക്കൾ എടുക്കുക എന്നിവ ഒഴിവാക്കേണ്ടതാണ്.

## മറ്റു കാര്യങ്ങൾ

- തൊട്ടടുത്തുള്ള മീഖാത്തിൽ പോയിട്ടുള്ള ഉംറ നിർവ്വഹണം. പ്രവാചകന്റെ ചര്യയിൽ ഇല്ലാത്തതാണ്.
- വിമാനവുമായി ബന്ധപ്പെട്ട അവരുടെ പെട്ടെന്നുള്ള തീരുമാനങ്ങളിലും യാത്ര രേഖകളും ലഗേജും നഷ്ടപ്പെടുന്നതും കമ്പനിക്ക് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. അതുമായി ബന്ധപ്പെട്ടുണ്ടാ വുന്ന അധിക ചിലവുകൾ സ്വന്തം വഹിക്കേണ്ടതാണ്.
- സ്ത്രീകൾ അശുദ്ധി ഉള്ള സമയമാണെങ്കിൽ മീഖാത്തിൽ വെച്ച് ഇഹ്റാമിൽ പ്രവേശിക്കുകയും കുളിച്ച് ശുദ്ധിയായതിന് ശേഷം ഉംറയുടെ മറ്റു കർമ്മങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.
- അല്ലാഹു അവനിഷ്ടപ്പെടുന്ന കാര്യങ്ങൾ മനസ്സിലാക്കുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനും നമ്മെ അനുഗ്രഹിക്കട്ടെ. തെറ്റാണെന്ന് മനസ്സിലായ കാര്യങ്ങൾ ഒഴിവാക്കാനുള്ള സന്മനസ്സ് അവൻ നമുക്ക് നൽകി അനുഗ്രഹിക്കുമാറാകട്ടെ (ആമീൻ)

# ഉംറയുടെ രൂപം



Islahi

IATA

HAJJ & UMRA SERVICE

IInd Floor, CD Tower, Arayidath Palam,
Bypass Road, Calicut, Pin - 673 004
Tel : 0495 - 4024 505, 507, 508
Mob: 9847455500, 9847457512, 9747455500
Email : islahiclt@gmail.com
www. islahihajjandumraservice.com